# ക്രിസ്തീയ ജീവിതം

**അതിജീവിക്കുന്ന ജീവിതം** **യൂണിറ്റ് D**

## പഠനം 1. പ്രലോഭനങ്ങളെയും പരിശോധനകളെയും അതിജീവിക്കുക.

പേര്:

**വായിക്കുക: എഫെസ്യർ 6:10 – 18**

**താക്കോൽവാക്യം: യാക്കോബ് 4:7**

**"ദൈവത്തിന് കീഴടങ്ങുവിൻ; പിശാചിനോട് എതിർത്തു നിൽപ്പിൻ എന്നാൽ ഞാൻ നിങ്ങളെ വിട്ട് ഓടിപ്പോകും"**

നാം ആദ്യമായി ക്രിസ്ത്യാനികളായിത്തീരുമ്പോൾ നമുക്ക് ഒരു പുതു സന്തോഷവും കർത്താവിനോടും മറ്റ് ക്രിസ്ത്യാനികളോടും ഒരു പുതു സ്നേഹവും ഉണ്ടാകും. എന്നാൽ ഖേദകരമെന്നു പറയട്ടെ ചില പ്രശ്നങ്ങൾ നമുക്ക് നേരിടുമ്പോൾ ചില സമയങ്ങളിൽ ഈ സന്തോഷം നഷ്ടപ്പെടുന്നു. അങ്ങനെയുള്ളപ്പോൾ നാം എന്തു ചെയ്യേണം? നാം വിട്ടുകൊടുക്കേണമോ? നാം സമ്പൂർണ്ണരല്ലാത്തതുകൊണ്ട് ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം പ്രശ്നങ്ങൾ പ്രതീക്ഷിക്കേണ്ടതുണ്ട്.

നാം ക്രിസ്ത്യാനികളായിത്തീരുമ്പോൾ നാം പുതിയ ശത്രുക്കളേയും നേടുന്നു. അവിശ്വാസികളായി നമ്മുടെ സുഹൃത്തുക്കൾ നമ്മെ ചിലപ്പോൾ കളിയാക്കും, പിശാച് നമ്മെ തടയും നമ്മുടെ പാപസ്വഭാവം വീണ്ടും നമ്മെ പാപത്തിലേക്ക് ആകർഷിക്കും. ഇങ്ങനെയുള്ള ചില പ്രശ്നങ്ങളെയാണ് നാം ഈ പാഠത്തിൽ ശ്രദ്ധിക്കുവാൻ പോകുന്നത്.

**പ്രലോഭനങ്ങൾ**

പ്രലോഭനം എന്നത് എല്ലാവർക്കുമുള്ള ഒരു യഥാർത്ഥ പ്രശ്നമാണ്. പ്രധാനമായും ക്രിസ്ത്യാനികൾക്ക്. ഇതിന്റെ കാരണം നാം വിശ്വാസികളായിത്തീർന്നതുകൊണ്ടും നമുക്ക് ഉള്ളിൽ ഒരു 'വടംവലി' സംഭവിക്കുന്നു. പാപത്തിൽ നിന്നും വേർപ്പെട്ടു നിന്ന് ദൈവത്തെ പ്രസാദിപ്പിക്കുവാൻ താല്പര്യപ്പെടുന്ന ഒരു പുതിയ സ്വഭാവം നമ്മിൽ ഉള്ളതുകൊണ്ടാണ് ഇപ്രകാരമുള്ള ഒരു പ്രയാസം ഉണ്ടാകുന്നത്. എന്നാൽ നാം ക്രിസ്ത്യാനികളാകുന്നതിന് മുമ്പ് നമുക്കുണ്ടായിരുന്ന പഴയ സ്വഭാവം ഇപ്പോഴും നമ്മിൽ തന്നെയുണ്ട്. അത് നമ്മെ നാം രക്ഷിക്കപ്പെടുന്നതിനുമുമ്പ് ചെയ്തു പോന്നിരുന്ന പാപസ്വഭാവങ്ങളിലേക്ക് ആകർഷിക്കുന്നു. അതുകൊണ്ട് നമ്മെ ഇപ്പോഴും ദുർന്നടപ്പിലേക്കും മോഷണത്തിലേക്കും കള്ളം കാണിക്കുന്നതിലേക്കും കബളിപ്പിക്കുന്നതിലേക്കും നമ്മുടെ വികാരങ്ങളുടെ നിയന്ത്രണാതീതമായ അവസ്ഥയിലേക്കും ഭയമില്ലായ്മയും സ്വാർത്ഥതയിലേക്കുമൊക്കെ നമ്മെ വളരെ വേഗത്തിൽ പ്രലോഭിക്കപ്പെടുവാൻ ഇടയാകും *(എഫെസ്യർ 4:22 – 24; കൊലോസ്യർ 3:9 – 10).*

പ്രലോഭനത്തിൽ അകപ്പെടുന്ന അവസ്ഥ ഒരിക്കലും ഒരു പാപമല്ല. നാം പ്രലോഭനത്തിന് എൽപ്പിച്ചു കൊടുക്കുമ്പോഴാണ് പാപം സംഭവിക്കുന്നത്. നാം അത് ഇഷ്ടപ്പെടുകയും അതെക്കുറിച്ച് ചിന്തിക്കുകയും അതിനോട് ഏൽപ്പിച്ചു കൊടുക്കുകയും ചെയ്യുന്നു *(യാക്കോബ് 1:13 – 15).* വിശ്വാസികൾ എന്ന നിലയിൽ, പ്രലോഭനങ്ങളെ ചെറുത്തു നിൽക്കാനായി ചില കാര്യങ്ങൾ ചെയ്യുവാൻ നമുക്ക് കഴിയും.

**1. നാം ബൈബിളിലെ വാക്യങ്ങൾ മനഃപാഠമാക്കണം.**

ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്ന കാര്യമാണ് ഇത് നമ്മെ ഓർമ്മപ്പെടുത്തുന്നത് *(സങ്കീർത്തനങ്ങൾ 119:11).* യേശുകർത്താവും പിശാചിനാൽ പരീക്ഷിക്കപ്പെട്ടു എങ്കിലും അവൻ തന്നെത്താൻ ഏൽപ്പിച്ചു കൊടുത്തില്ല. താൻ അനുഭവിച്ച പ്രലോഭനത്തിൽ താൻ വിജയം കൈവരിച്ചത് പിശാചിനോട് ദൈവവചനത്തിൽ നിന്നും ഉദ്ധരിച്ചതിലൂടെയാണ് പിശാച് ദൈവവചനം ഒരിക്കലും ഇഷ്ടപ്പെടുകയില്ല (ലൂക്കോസ് 4:1 – 13).

**2. പാപത്തിലേക്ക് നമ്മെ വഴിതെറ്റിക്കുന്ന നിലയിലുള്ള സ്ഥലങ്ങളിൽ പോവുകയോ അങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുകയോ ഇല്ലെന്ന് ദൈവസന്നിധിയിൽ തീരുമാനമെടുക്കണം.**

ഇയ്യോബ് താൻ ഒരു കന്യകയെ മോഹത്തോടെ നോക്കുകയില്ല എന്ന് താൻ തന്റെ കണ്ണുമായി ഒരു നിയമം ചെയ്തിരിക്കുന്നു *(ഇയ്യോബ് 31:1).* ഇങ്ങനെ ദൈവസന്നിധിയിൽ ദൃഢമായി എടുത്ത തീരുമാനം നമ്മെ പ്രലോഭനത്തിനെതിരെ ചെറുത്തു നിൽക്കുവാൻ തക്കവണ്ണം സഹായിക്കുന്നു.

**3. നമ്മുടെ ബലഹീനതകളെക്കുറിച്ച് ബോദ്ധ്യമുണ്ടായിരിക്കണം.**

അവയ്ക്കുമേൽ വിജയം നേടുവാനായി നാം ദൈവത്തോട് അപേക്ഷിക്കണം. നാം നമ്മെത്തന്നെ ക്രിസ്തീയ ജീവിതത്തിൽ മനസ്സിലാക്കേണ്ടത് ആവശ്യമാണ്. നാം ഓരോരുത്തരേയും വ്യത്യസ്തരും പല രീതിയിൽ പ്രലോഭനം നേരിടുന്നവരുമാണ് എന്നാൽ നാം ഓരോരുത്തരും പ്രലോഭനത്തെ ചെറുത്തു നിൽക്കുവാൻ കടപ്പെട്ടവരാണ്. പത്രോസ് തന്റെ ഒന്നാമത്തെ ലേഖനത്തിൽ ഓർമ്മിപ്പിക്കുന്നതു പോലെ *1 പത്രോസ് 5:8 – 9* ഇത് നിർമ്മദരായും എപ്പോഴും ഉണർന്നിരുന്ന് നേടേണ്ടുന്ന ഒന്നാണ്.

**4. നാം യേശുകർത്താവിന്റെ ശക്തിയിൽ ആശ്രയിക്കണം.**

ഏതു തരത്തിലുള്ള പ്രലോഭനങ്ങളും ചെറുക്കുന്നതിനുള്ള ശക്തി അവന്റെ പക്കൽ ഉണ്ട്. നാം ***"കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുകയും, ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കുകയും വേണം"*** അങ്ങനെയെങ്കിൽ പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കാൻ കഴിയും *(എഫെ. 6:10 – 11).*

**പരിശോധനകൾ**

ഇവ പ്രലോഭനങ്ങളിൽ നിന്നും വ്യത്യസ്തമാണ്. പ്രലോഭനം നമ്മെ പാപത്തിലേക്ക് നയിക്കുന്ന കാര്യമാണ്. നമ്മുടെ ജീവിതത്തിൽ വരുന്ന പ്രശ്നങ്ങളും പ്രതിസന്ധികളുമാണ് പരിശോധനകൾ അസുഖങ്ങളോ കുടുംബപ്രശ്നങ്ങളോ അപകടങ്ങളോ, കഷ്ടതകളോ ഇങ്ങനെയുള്ള എന്തുമാകാം. നമ്മുടെ വിശ്വാസം ഉറപ്പിക്കുവാനായി ദൈവം ഇവയെല്ലാം നമ്മുടെ ജീവിതത്തിൽ അനുവദിക്കുകയും നമ്മെ പക്വതയുള്ള വിശ്വാസികളാകാനുള്ള പാഠങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്നു *(1 പത്രോസ് 1:6 – 7).*

പരിശോധന വിശ്വാസികൾക്ക് മാത്രമുള്ളതല്ല മറിച്ച് എല്ലാ മനുഷ്യർക്കും വരുന്നതാണ്. ഇത് നാം പാപികളായിരിക്കുന്നതുകൊണ്ടോ ദൈവം നമ്മെ സ്നേഹിക്കാത്തതുകൊണ്ടോ സംഭവിക്കുന്നതല്ല. ഈ കാര്യങ്ങളോട് വിശ്വാസികൾ എന്ന നിലയിൽ ആത്മികമായി നാം സമീപിക്കേണ്ടത് ആവശ്യമാണ്. അവിശ്വാസികൾക്ക് ഇല്ലാത്ത ശക്തി നമുക്കുണ്ട്. നമ്മെ ഒരു നാളും കൈവിടാതെ നമ്മോടുകൂടെ ഇരിക്കുമെന്ന് വാഗ്ദത്തം ചെയ്ത കർത്താവ് നമുക്കുണ്ട് *(എബ്രായർ 13:5 – 6).* ഏത് വിധ പരിശോധന വന്നാലും അത് ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തെ വർദ്ധിപ്പിക്കും എന്നത് വിശ്വസിക്കുവാനായി നമുക്ക് ക്രിസ്തീയ കൂട്ടായ്മയും വിശ്വാസവും ഉണ്ട്.

**1 നാം ക്രിസ്ത്യാനികളാകുമ്പോൾ പുതിയ ശത്രുക്കളെ നേടുന്നു എന്ന് ഈ പഠനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു ആരാണ് ഈ ശത്രുക്കൾ?**

........................................................................ 2

**2 ഒരു വിശ്വാസിയുടെ ജീവിതത്തിലെ 'വടംവലി' എന്തുകൊണ്ട്?**

........................................................................

........................................................................ 3

........................................................................

**3 ലൂക്കോസ് 4:1 – 13 വായിച്ചശേഷം ചുവടെയുള്ളവയ്ക്ക് ഉത്തരമെഴുതുക.**

a.. യേശുകർത്താവിനെ പരീക്ഷിച്ചത് എത്ര നാൾ നീണ്ടു നിന്നു?

........................................................................

b. ഏതിൽ നിന്നും ഏതെങ്കിലും ഒരു പ്രലോഭനത്തെക്കുറിച്ച് നിങ്ങളുടെ വാക്കുകളിൽ എഴുതുക

........................................................................

........................................................................

c. ഓരോ തവണയും യേശുകർത്താവ് പിശാചിന്റെ ഏറ്റുമുട്ടലിനോട് എപ്രകാരമാണ് പ്രതികരിച്ചത്?

........................................................................ 5

........................................................................

**4 ശരിയോ തെറ്റോ എന്നെഴുതുക**

i. നമ്മുടെ യുദ്ധം **"ജഡരക്തങ്ങളോടാണ്"** ....................

ii. പിശാചിന്റെ കൂരമ്പുകളെ അതിജീവിക്കുവാൻ നമ്മുടെ സ്വന്തം ശക്തിയാകുന്ന പരിച മതിയാകും. ....................

iii. ആത്മാവിന്റെ വാൾ എന്നതാണ് ദൈവവചനം. ....................

iv. പ്രലോഭനങ്ങളെ തോൽപ്പിക്കാനുള്ള ഏറ്റവും നല്ല ഉപാധി പ്രാർത്ഥനയാണ്. .................... 5

v. ഒരു ക്രിസ്തീയ പടയാളിയുടെ '**ശിരസ്ത്രം**' അവന്റെ സ്വന്തം ശക്തിയാണ്. ....................

**5 1 കൊരിന്ത്യർ 10:13 പ്രകാരം തന്റെ മേൽ വരുന്ന പ്രലോഭനങ്ങളെയും പരിശോധനകളെയും കുറിച്ച് ഒരു ക്രിസ്തീയ വിശ്വാസിക്കുള്ള പ്രോത്സാഹനം എന്ത്?**

........................................................................

........................................................................ 4

........................................................................

**6 പ്രലോഭനവും പരിശോധനയും തമ്മിലുള്ള വ്യത്യാസം നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.**

........................................................................

........................................................................ 3

........................................................................

**7 ദൈവം നമ്മുടെ ജീവിതത്തിൽ അനുവദിക്കുന്ന പരിശോധനകൾ കൊണ്ടുണ്ടാകുന്ന ഫലങ്ങൾ എന്താണെന്ന് 1 പത്രോസ് 1:6 – 7 വായിച്ചശേഷം വ്യക്തമായി വിവരിക്കുക.**

........................................................................

........................................................................ 3

........................................................................

25
ആകെ മാർക്ക്

## പഠനം 2. സമപ്രായക്കാരിൽ നിന്നുള്ള സമ്മർദ്ദത്തെ അതിജീവിക്കുക

പേര്:

**വായിക്കുക: 1 യോഹന്നാൻ 1:5 – 10; 2:15 – 17**

**താക്കോൽവാക്യം: റോമർ 12:2**

**"ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ"**

വിശ്വാസികൾ എന്ന നിലയിൽ നാം എതിരിടേണ്ട മറ്റൊരു പ്രശ്നമാണ് ലോകത്തിൻ കീഴുള്ള സമ്മർദ്ദത്തിലാകുക എന്നത്. ദൈവത്തിനെ എതിർക്കുന്നതും യേശുകർത്താവിനെ തള്ളിക്കളയുന്നതുമായ ആഗോളപരമായ പ്രവണതയാണ് ലോകം എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്. വിശ്വാസികൾ എന്ന നിലയിൽ നാം ഇപ്പോഴും ***'ലോകത്തിലാണ്" (യോഹന്നാൻ 17:11)***. കാരണം നാമും അവിശ്വാസികൾ ജീവിക്കുന്ന അതേ ലോകത്തിലാണ് ജീവിക്കുന്നത്. എന്നാൽ നാം ഒരിക്കലും അവരുടേതായ ജീവിത ശൈലിയിൽ ജീവിക്കുവാൻ പാടില്ല. സമപ്രായക്കാരിൽ നിന്നുള്ള സമ്മർദ്ദം വിശ്വാസികൾക്കിടയിലും അവിശ്വാസികൾക്കിടയിലും ഉള്ള ഒരു പ്രശ്നം തന്നെയാണ്.

ഒരു യുവവിശ്വാസിയെന്ന നിലയിൽ നിങ്ങൾ പല ചോദ്യങ്ങളും അഭിമുഖീകരിക്കേണ്ടതായി വരും. ഉദാഹരണത്തിന് "ഞാൻ ഡിസ്ക്കോ, ഡാൻസ് എന്നിവയ്ക്ക് പോകുന്നത് ശരിയാണോ? ഞാൻ എന്റെ സംസ്ക്കാരത്തിലെ പോപ്പ് സോങ്ങുകൾ കേൾക്കുന്നതു പാടുന്നതും ശരിയാണോ? എനിക്കു ചുറ്റും ജീവിക്കുന്നവർ എന്നെ നോക്കി പരിഹസിക്കാതെയിരിക്കാൻ ഞാൻ അസാന്മാർഗ്ഗീകമായി ജീവിക്കേണമോ? ഈ പാപപങ്കിലമായ സമൂഹത്തിൽ നിന്നുള്ള സമ്മർദ്ദത്തെ എനിക്ക് എങ്ങനെ ചെറുത്തു നിൽക്കാം?"

**1. നിങ്ങൾ ആരുടെ സ്വന്തമാണ് എന്ന് ഓർക്കുക.**

നാം ദൈവത്തോട് കടപ്പെട്ടവരാണ് കാരണം അവനാണ് നമ്മെ സൃഷ്ടിച്ചത്. ***"യൗവ്വനകാലത്ത് നീ നിന്റെ സ്യഷ്ടാവിനെ ഓർത്തുകൊൾക" (സഭാപ്രസംഗി 12:1)***. എന്നാൽ നാം അവന്റെ സ്വന്തവുമാണ് കാരണം അവന്റെ പുത്രന്റെ മരണത്താൽ നമ്മെ വിലയ്ക്കു വാങ്ങിയതാണ് ***(1 കൊരിന്ത്യർ 6:20) കാണുക.*** ഈ കാരണങ്ങളാൽ നാം അവനോടുള്ള ഭയത്തിൽ നിൽക്കുകയും നമ്മുടെ ജീവിതത്തിലെ പ്രഥമസ്ഥാനം നൽകുകയും വേണം. ബൈബിൾ 'യഹോവാഭക്തി' എന്നു പറയുന്നത് ഇതിനെക്കുറിച്ചാണ്. ബൈബിൾ ഇപ്രകാരം പഠിപ്പിക്കുന്നു ***"യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു" (സദൃശ്യവാക്യങ്ങൾ 9:10)***. ഈ പാപം നിറഞ്ഞ ലോകത്തിൽ നിങ്ങൾക്ക് ജ്ഞാനിയാകണമെങ്കിൽ നിങ്ങളെത്തന്നെയോ മറ്റുള്ളവരേയോ പ്രസാദിപ്പിക്കുവാൻ ശ്രമിക്കാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുക.

**2. നാം പാപം ചെയ്യുമ്പോൾ അത് ദൈവത്തിനെതിരായിട്ടാണ് എന്ന് ഓർക്കുക.**

സത്യത്തിൽ എല്ലാ പാപങ്ങളും ദൈവത്തിനെതിരാണ്. യോസേഫ് പോത്തിഫറിന്റെ ഭാര്യയുമായി വ്യഭിചാരകർമ്മത്തിൽ ഏർപ്പെടുവാൻ വിസമ്മതിച്ചു കാരണം ദൈവത്തിനെതിരായി പാപം ചെയ്യുന്നത് തെറ്റാണെന്ന് താൻ വിശ്വസിച്ചു. അവൻ ഇപ്രകാരം പറയുകയുണ്ടായി, ***"ഞാൻ ഈ മഹാദോഷം പ്രവർത്തിച്ച് ദൈവത്തോട് പാപം ചെയ്യുന്നത് എങ്ങനെ" (ഉല്പത്തി 39:9)***. വ്യഭിചാരവും കുലപാതകവും ചെയ്തശേഷം ദാവീദ് ഇപ്രകാരം പറയുന്നു (2 ശമുവേൽ 12) "നിന്നോടു തന്നെ ഞാൻ പാപം ചെയ്തു" ***(സങ്കീർത്തനം 51:4)***. വീടു വിട്ടിറങ്ങിയ മുടിയനായ പുത്രൻ തന്റെ പിതാവിന്റെ പണം ധൂർത്തടിച്ച് പാപവഴികളിൽ ജീവിച്ചു, എന്നാൽ പിന്നീട് പിതാവിന്റെ അടുക്കലേക്ക് മടങ്ങിപ്പോകാൻ നിശ്ചയിച്ചു. താൻ പിതാവിനെ സന്ധിക്കുമ്പോൾ പറയുവാൻ ഉദ്ദേശിച്ചിരുന്നത് ഇപ്രകാരമായിരുന്നു ***"അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു" (ലൂക്കോസ് 15:18)***. മറ്റൊരു തരത്തിൽ പറഞ്ഞാൽ, തന്റെ പാപം പ്രധാനമായും ദൈവത്തിനെതിരാണ് എന്ന് അവൻ മനസ്സിലാക്കി. നാം പാപം ചെയ്യുമ്പോൾ പലപ്പോഴും നാം മറ്റുള്ളവരെ നൊമ്പരപ്പെടുത്തുന്നു. ഇത് നമ്മെ പാപം ചെയ്യുന്നതിനുമുമ്പ് രണ്ട് പ്രാവശ്യം ചിന്തിപ്പിക്കണം. അതുകൊണ്ട്, എല്ലാ പാപങ്ങളും മുഖ്യമായും ദൈവത്തിന് എതിരായതാണ് എന്ന് മനസ്സിലാക്കുക.

**3. പാപം നമ്മെ ദൈവത്തോടുള്ള കൂട്ടായ്മയിൽ നിന്നും വേർപെടുത്തുന്നു എന്ന് ഓർക്കുക.**

ക്രിസ്ത്യാനികൾ സമ്പൂർണ്ണരല്ല എന്ന വസ്തുത മനസ്സിലാക്കുക- അവർ പാപം ചെയ്യും ***(1 യോഹന്നാൻ 1:8)***. എങ്ങനെ തന്നെയായാലും ദൈവത്തോടുള്ള ഹൃദ്യമായ കൂട്ടായ്മയിൽ നിന്നും പാപം നമ്മെ മാറ്റി നിർത്തുന്നു. സങ്കീർത്തനക്കാരൻ ഈ കാര്യത്തെ ഇപ്രകാരം വെളിപ്പെടുത്തുന്നു, ***"ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവ് കേൾക്കയില്ലായിരുന്നു" (സങ്കീർത്തനം 66:18)***. നമ്മുടെ സമാധാനത്തിന് ഭംഗമുണ്ടാകുന്നു, നമ്മുടെ പ്രാർത്ഥനാജീവിതത്തിന് തടസ്സമുണ്ടാവുന്നു, ദൈവത്തോടുള്ള നമ്മുടെ ബന്ധത്തിന് നാശം സംഭവിക്കുന്നു.

**4. പാപത്തിന്റെ സുഖം അധികനാൾ നിൽക്കുകയില്ല എന്ന് ഓർക്കുക**.

പാപത്തിന്റെ സുഖം അവസാനിക്കുമ്പോൾ നാം പലപ്പോഴും സുഖകരമല്ലാത്ത പരിണിതഫലങ്ങൾ അഭിമുഖീകരിക്കേണ്ടിവരും. മോശയെപ്പോലെ നാം ദൈവത്തിന്റെ വഴി തിരഞ്ഞെടുക്കണം അല്ലാതെ ***"പാപത്തിന്റെ താൽക്കാലിക ഭോഗങ്ങളെ" (എബ്രായർ 11:24)*** തിരഞ്ഞെടുക്കാതെയിരിക്കുക. നിത്യമായ ആനന്ദവും സന്തോഷവും ലഭിക്കുന്നത് സ്വയമായി തൃപ്തിപ്പെടുന്നതിനു പകരം ദൈവത്തെ സേവിക്കുമ്പോഴും സ്നേഹിക്കുമ്പോഴുമാണ്. ബൈബിളിന്റെ സന്ദേശം വളരെ വ്യക്തമാണ്. ***"പാപികൾ നിന്നെ വശീകരിച്ചാൽ വഴിപ്പെട്ടു പോകരുത്" (സദൃശ്യവാക്യങ്ങൾ 1:10)***. ഒത്തുതീർപ്പിന് മുതിരാതെ ഒരു വിശ്വാസിയായി നിലയുറപ്പിക്കുക. താക്കോൽവാക്യമായ ***റോമർ 12:2*** ഇപ്രകാരം പറയുന്നു ***"ഈ ലോകത്തോട് അനുരൂപരാകരുത്"*** ലോകത്തിന്റേതായ അച്ചിൽ നാം രൂപപ്പെട്ടു പോകരുത് എന്നാണ് ഇത് അർത്ഥമാക്കുന്നത്. നിങ്ങൾ ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ ഈ ദൈവഭയമില്ലാത്ത ലോകം ഒരിക്കലും നിങ്ങളുടെ സുഹൃത്താവുകയില്ല. ദൈവത്തോടുള്ള സ്നേഹമോ അതോ ഈ ദുഷ്ടലോകമോ ഏതെങ്കിലും നിങ്ങൾ തിരഞ്ഞെടുത്തേ മതിയാകൂ ***(1 യോഹന്നാൻ 2:15 – 17)***.

യേശുകർത്താവിനോട് സത്യസന്ധത പുലർത്തുവാനും പാപത്തോട് ഒത്തുതീർപ്പിനു ശ്രമിക്കാതെയിരിക്കാനുമായി ഈ പഠനം നമ്മെ ആഹ്വാനം ചെയ്യുന്നു. നമുക്കു ചുറ്റുമുള്ള ലോകത്വത്തിനും ദുഷ്ടതയുടെ അലയടിക്കും എതിരായി ദൈവത്തിനുവേണ്ടി ഉറച്ചു നിൽക്കുവാൻ നാം ഓരോ ദിവസവും ദൈവശക്തിക്കായി പ്രാർത്ഥിക്കേണ്ടത് ആവശ്യമാണ്.

1. 1യോഹന്നാൻ 2:15 – ൽ പറഞ്ഞിരിക്കുന്ന 'ലോകം' എന്ന വാക്കുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

..............................................................................................................

.............................................................................................................. 3

2. രണ്ട് രീതിയിൽ ക്രിസ്ത്യാനികൾ ദൈവത്തിന് അവകാശപ്പെട്ടതാണ് ഏതൊക്കെ നിലയിൽ?

.............................................................................................................. 2

..............................................................................................................

3. A. ഈ പഠനത്തിലെ രണ്ടാം ഭാഗത്ത് കൊടുത്തിരിക്കുന്ന മൂന്ന് വ്യക്തികളെക്കുറിച്ച് ചിന്തിക്കുക. പാപത്തോടുള്ള ബന്ധത്തിൽ അവരെല്ലാവരും എടുത്ത തീരുമാനങ്ങൾ എന്തെല്ലാം?

..............................................................................................................

..............................................................................................................

..............................................................................................................

B. ഇതിൽ നിന്നും ആരെങ്കിലും ഒരാൾ ഇതെക്കുറിച്ചു പറഞ്ഞിരിക്കുന്നത് എഴുതുക.

.............................................................................................................. 4

..............................................................................................................

4. 'ഞാൻ രക്ഷിക്കപ്പെട്ടതാണ് എങ്കിലും ഇത് ഇപ്പോൾ നഷ്ടപ്പെട്ടു. കാരണം ഞാൻ ഒരു തെറ്റു ചെയ്തു'

A. ഇപ്രകാരം ആരെങ്കിലും നിങ്ങളോടു പറഞ്ഞാൽ എന്തായിരിക്കും നിങ്ങളുടെ പ്രതികരണം

..............................................................................................................

..............................................................................................................

B. നാം പാപം ചെയ്ത് ആകുലപ്പെടുമ്പോൾ 1 യോഹന്നാൻ 1:9 – ൽ പറഞ്ഞിരിക്കുന്ന വാഗ്ദത്തം എന്ത്?

.............................................................................................................. 5

..............................................................................................................

5. A. 'പാപത്തിലെ താൽക്കാലിക ഭോഗം' എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതെന്താണെന്ന് വിവരിക്കുക (എബ്രായർ 11:24).

..............................................................................................................

..............................................................................................................

..............................................................................................................

B. ഒരു ക്രിസ്ത്യാനിയായിത്തീരുമ്പോഴുള്ള പ്രധാന സന്തോഷങ്ങളുടെ മറുവശം എഴുതുക

..............................................................................................................

.............................................................................................................. 6

..............................................................................................................

6. നാം നമ്മുടെ ജീവിതത്തിൽ പലപ്പോഴും ഒന്നല്ലെങ്കിൽ മറ്റൊന്ന് എന്ന രീതിയിലുള്ള തിരഞ്ഞെടുപ്പ് നടത്താറുണ്ട്.

A. ഇങ്ങനെയുള്ള ഏത് രണ്ട് കാര്യങ്ങളാണ് താക്കോൽ വാക്യത്തിൽ കാണുന്നത്?

..............................................................................................................

..............................................................................................................

B. ഈ വാക്യം നിങ്ങൾക്ക് ഈ കാലയളവിൽ എന്ത് അർത്ഥമാക്കുന്നുവെന്നാണ് നിങ്ങൾ കരുതുന്നത്?

.............................................................................................................. 5

..............................................................................................................

25

ആകെ മാർക്ക്

# ന്യൂലൈഫ്

**ബൈബിൾ പഠന കോഴ്സ്**

# ക്രിസ്തീയ ജീവിതം

**അതിജീവിക്കുന്ന ജീവിതം** **യൂണിറ്റ് D**

## പഠനം 3. നിരുത്സാഹത്തെ അതിജീവിക്കുക

പേര്:

**വായിക്കുക: ലൂക്കൊസ് 11:1 – 4,9 – 13 & 1 കൊരിന്ത്യർ 13:1 – 7**

**താക്കോൽവാക്യം: 1 പത്രോസ് 5:7**

**"അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ".**

ക്രിസ്ത്യാനിയായിട്ടുള്ള നിങ്ങളുടെ പുതിയ ജീവിതത്തിൽ നിങ്ങൾ നിരുത്സാഹപ്പെടുവാനോ ചിലപ്പോൾ തകർന്നുപോകുവാനോ സാദ്ധ്യതയുണ്ട്. ഉത്തരം ലഭിക്കാത്ത പ്രാർത്ഥനയോടുള്ള ബന്ധത്തിൽ അനേക ക്രിസ്ത്യാനികളുടെ ഹൃദയം ക്ഷീണിച്ചു പോയിട്ടുണ്ട്. ആദ്യമൊക്കെ നാം ആകാംക്ഷയോടെയും ഊർജ്ജത്തോടെയും ദൈവം നമ്മുടെ എല്ലാ പ്രാർത്ഥനകൾക്കും ഉത്തരം നൽകും എന്ന് പ്രതീക്ഷിച്ച് അനേക കാര്യങ്ങൾ ഓർത്ത് പ്രാർത്ഥിച്ചിട്ടുണ്ട്. എന്നാൽ കുറെ കഴിയുമ്പോൾ നാം പ്രതീക്ഷിക്കുന്ന നിലയിൽ നമ്മുടെ ചില പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നില്ല എന്ന് നാം ശ്രദ്ധിക്കുന്നു. ഉദാഹരണത്തിന് നാം ആരെങ്കിലും രക്ഷിക്കപ്പെടുവാൻ വേണ്ടി പ്രാർത്ഥിക്കുന്നു പക്ഷെ അത് സംഭവിക്കാതെയിരിക്കുന്നു. ചിലപ്പോൾ ആരുടെയെങ്കിലും രോഗസൗഖ്യത്തിന് വേണ്ടി നാം പ്രാർത്ഥിക്കുന്നു എങ്കിലും അതും സംഭവിക്കാതെ പോകുന്നു. എന്താണ് പ്രശ്നം? ദൈവം നമ്മെ ഇനി ഒരിക്കലും സ്നേഹിക്കുകയില്ലേ? അവൻ നമ്മെ കേൾക്കുവാൻ കഴിയാതെയിരിക്കുകയാണോ? നമുക്ക് എന്തെങ്കിലും തെറ്റ് പറ്റിയതാണോ?

നാം പ്രാർത്ഥിക്കുമ്പോൾ ഈ പ്രധാനപ്പെട്ട ചില തത്വങ്ങളെക്കുറിച്ച് ബോധ്യമുള്ളവരായിരിക്കണം.

1. **നാം പ്രതീക്ഷിച്ച ഉത്തരമായിരിക്കുകയില്ല ദൈവത്തിന്റെ മറുപടി എന്ന് നാം മനസ്സിലാക്കേണം.**

   പ്രാർത്ഥനക്ക് മൂന്ന് ഉത്തരങ്ങൾ ഉണ്ടാവാം- അതെ, ഇല്ല, അഥവാ സമയമായിട്ടില്ല. ഇല്ല എന്നതും സമയമായിട്ടില്ല എന്നതും ഉത്തരങ്ങൾ തന്നെയാണ്. നാം ചോദിക്കുന്ന കാര്യങ്ങൾക്ക് ഉത്തരം തരാതെയിരുന്നാൽ ദൈവം നമ്മുടെ പ്രാർത്ഥന കേട്ടിട്ടും എന്ന് അത് അർത്ഥമാക്കുന്നില്ല. ഈ അർത്ഥത്തിൽ കേൾക്കപ്പെടാത്ത പ്രാർത്ഥന എന്ന ഒരു കാര്യം ഇല്ല. സമയമായിട്ടില്ല എന്ന് ഉത്തരമായി ലഭിച്ച പ്രാർത്ഥനയുടെ ഒരു ഉദാഹരണമാണ് ***ലൂക്കോസ് 1–ാം*** അദ്ധ്യായത്തിലെ സെഖര്യാവിനും എലിശബെത്തിനും സംഭവിച്ചത്. ***2 കൊരിന്ത്യരിലെ*** പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക.

2. **നാം യേശുകർത്താവിന്റെ നാമത്തിൽ പ്രാർത്ഥിക്കണം.**

   യേശുകർത്താവ് തന്റെ ശിഷ്യന്മാരെ ഇപ്രകാരം പഠിപ്പിച്ചു. ***"നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടുത്തേണ്ടതിന് ഞാൻ ചെയ്തു തരും"*** എന്ന പ്രയോഗം ഒരു ആത്മീയ മന്ത്രമായി ഉപയോഗിച്ച് നമുക്ക് ആവശ്യമുള്ള കാര്യങ്ങളെല്ലാം നേടിയെടുക്കാം എന്ന് കരുതരുത്. കർത്താവിന്റെ സർവ്വാധികാരത്തെ നാം അംഗീകരിക്കുന്നു എന്നതാണ് "അവന്റെ നാമത്തിൽ" പ്രാർത്ഥിക്കുന്നതുകൊണ്ട് നാം അർത്ഥമാക്കുന്നത്. അതുകൊണ്ട് യോഗ്യതയില്ലാത്ത സ്വാർത്ഥ മനോഭാവങ്ങൾക്ക് നമ്മുടെ പ്രാർത്ഥനയിൽ ഒരു സ്ഥാനവുമില്ല ***"നിങ്ങൾ യാചിച്ചിട്ടും ലഭിക്കുന്നില്ല കാരണം...." (യാക്കോബ് 4:3).***

3. **നമ്മുടെ ഇഷ്ടങ്ങൾ ദൈവത്തിന്റെ മേൽ അടിച്ചേൽപ്പിക്കുവാൻ നമുക്ക് ഒരു അവകാശവുമില്ല.**

   അവൻ നമ്മിലും വലിയവനാണ് എന്നാൽ നാം അവനിലും വലിയവരല്ല കാരണം ദൈവം സർവ്വശക്തനും തന്റെ ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കുവാൻ കഴിവുള്ളവനുമാണ്. അതുകൊണ്ട് നാം എപ്പോഴും ഇപ്രകാരം പ്രാർത്ഥിക്കണം. ***"എന്റെ ഇഷ്ടമല്ല മറിച്ച് നിന്റെ ഇഷ്ടം പോലെ" (മത്തായി 26:89)*** യേശുകർത്താവ് ഇപ്രകാരം പ്രാർത്ഥിച്ചുവെങ്കിൽ നാം എത്ര അധികമായി ചെയ്യേണ്ടതാണ്! നാം ചോദിക്കുന്ന കാര്യങ്ങൾ അവന്റെ ഇഷ്ടത്തിന് നൽകുന്ന പ്രകാരം നാം അംഗീകരിക്കണം *(1 യോഹന്നാൻ 5:14).*

4. **നമുക്ക് ഏറ്റവും കൊള്ളാവുന്നത് ഏതാണെന്ന് പലപ്പോഴും നമുക്ക് അറിയുകയില്ല.**

   എന്നാൽ പിതാവായ നമ്മുടെ ദൈവത്തിനറിയാം. കത്തി കൊണ്ട് കളിക്കുവാൻ ആഗ്രഹിക്കുന്ന ഒരു കൊച്ചുകുട്ടിയിൽ നിന്നും അവന്റെ മാതാപിതാക്കൾ അത് വളരെ പെട്ടന്നു തന്നെ എടുത്തു മാറ്റും. കുട്ടി കരുതുന്നത് അവനോട് മാതാപിതാക്കൾക്ക് കരുണയില്ലാതെയും ദേഷ്യത്തോടെയുമാണ് പെരുമാറുന്നത് എന്നാണ്. എന്നാൽ തങ്ങളുടെ കുഞ്ഞിനു വരുന്ന പ്രതികൂല അവസ്ഥയിൽ നിന്ന് അവനെ മാറ്റുന്നതിലൂടെ അവൻ അവനോട് കരുണയാണ് കാണിച്ചത്. നമുക്ക് നൽകാവുന്ന ഏറ്റവും നല്ല കാര്യം നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് നൽകും എന്ന് നിശ്ചയമാക്കാം ***(മത്തായി 7:7 – 11).***

നമ്മുടെ ജീവിതത്തിൽ നിരാശ കടന്നു വരുന്ന മറ്റൊരു മേഖലയാണ് മറ്റുള്ളവരോടുള്ള നമ്മുടെ ബന്ധം നാം കുടുംബജീവിതത്തിൽ നേരിടുന്ന ആശങ്കകളാലോ കോളേജിലോ ജോലിസ്ഥലത്തോ നേരിടുന്ന പരസ്പര ബന്ധത്തിന്റെ പ്രയാസത്താലോ സഭാ ജീവിതത്തിലോ മറ്റുള്ളവരിൽ നിന്നും നാം പ്രതീക്ഷിച്ച രീതിയിലുള്ള മനോഭാവം ചിലപ്പോൾ നമ്മോട് ഉണ്ടാവുകയില്ല. പ്രശ്നങ്ങളാൽ നാം നിരുത്സാഹപ്പെട്ടും സമാധാനമില്ലാതെയുമിരിക്കുമ്പോൾ ബൈബിളിൽ നിന്നും എപ്രകാരമുള്ള സഹായമാണ് നമുക്ക് ലഭിക്കുന്നത്.

1. **നാം നമ്മുടെ കുറവുകൾ ആദ്യം മനസ്സിലാക്കണം.**

   നാം താഴ്മ ധരിക്കുന്നതിലൂടെയും പൂർണ്ണതയുള്ളവരല്ല എന്നു മനസ്സിലാക്കുന്നതിലൂടെയും നമ്മുടെ ചില പ്രയാസമുള്ള ബന്ധങ്ങൾ കുറച്ചുകൂടെ നന്നാക്കുവാൻ സാധിക്കും. നാം ഭാവിക്കേണ്ടതിന് മീതെ ഭാവിച്ചുയരരുത് എന്ന് പൗലോസ് നമ്മെ പഠിപ്പിക്കുന്നു ***(റോമർ 12:3).***

2. **നാം മറ്റുള്ളവരെ കരുതണം.**

   ***ഫിലിപ്യർ 2:4*** – ന്റെ തത്വമനുസരിച്ച് നാം സ്വാർത്ഥരും സ്വയകാര്യം നോക്കുന്നവരുമാകാതെ ആദ്യം നാം മറ്റുള്ളവരെ കരുതുന്നതിൽ ഏറ്റവും ഉത്സാഹിക്കേണ്ടത് ആവശ്യമാണ്. നമുക്ക് ബുദ്ധിമുട്ടുള്ള ആൾക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ആ വ്യക്തിയുമായുള്ള കൂട്ടായ്മ യഥാസ്ഥാനപ്പെടുന്നതിനുള്ള ഒരു വലിയ പടിയാണ്. ***മത്തായി 5:44***- ൽ കർത്താവ് പറഞ്ഞിരിക്കുന്ന വാക്കുകൾ ശ്രദ്ധിക്കുക.

3. **നാം എപ്പോഴും സ്നേഹത്തിൽ പ്രവർത്തിക്കണം.**

   ***"സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു" (1 കൊരിന്ത്യർ 13:4)*** ഒരു യന്ത്രം അതിന്റെ സുഗമമായ പ്രവർത്തനത്തിന് എണ്ണയോ മെഴുകോ പോലെയുള്ള വസ്തുക്കൾ ഉപയോഗിക്കുന്നത് പോലെ മനുഷ്യർ തമ്മിലുള്ള ബന്ധത്തിന്റെ ശരിയായ പ്രവർത്തനത്തിന് ദൈവസ്നേഹമാകുന്ന എണ്ണ ഉപയോഗിക്കേണ്ടത് ആവശ്യമാണ്.

ക്രിസ്തീയ ജീവിതം എപ്പോഴും സുഗമമായ ഒരു കാര്യമല്ല ദൈവം അത് അങ്ങനെയാകും എന്ന് വാഗ്ദാനം നൽകിയിട്ടില്ല. അവന്റെ പരാജയപ്പെടാത്ത സാമിപ്യം നമുക്ക് വാഗ്ദത്തം നൽകിയിട്ടുണ്ട്. അതുകൊണ്ട് താക്കോൽവാക്യത്തിൽ പറഞ്ഞിരിക്കുന്നതുപോലെ അവൻ നമുക്കായി കരുതുന്നതുകൊണ്ട് നമ്മുടെ എല്ലാ കാര്യവും അവന്റെ മേൽ വെയ്ക്കണം.

**1** A. നമ്മുടെ പ്രാർത്ഥനയ്ക്ക് ലഭിക്കാവുന്ന മൂന്ന് ഉത്തരങ്ങളെക്കുറിച്ച് ഈ പഠനത്തിൽ കൊടുത്തിരിക്കുന്ന അവ ഏതെല്ലാം എന്നെഴുതുക.

..........

..........

B. *ലൂക്കോസ് 1:5 – 20* വായിക്കുക അതിനുശേഷം സെഖര്യാവും എലിശബെത്തും അനുഭവിച്ച ഒരു "സമയം ആയിട്ടില്ല" എന്ന അനുഭവത്തിന്റെ ഉദാഹരണം എപ്രകാരമായിരുന്നുവെന്ന് വിവരിക്കുക.

..........

.......... 6

**2** *2 കൊരിന്ത്യർ 12:7 – 9*–ൽ പൗലോസ് തന്റെ "ശരീരത്തിലെ ശൂലം" നീങ്ങിപ്പോകുവാൻ മൂന്നു പ്രാവശ്യം കർത്താവിങ്കലേക്ക് അപേക്ഷിച്ചപ്പോഴും "ഇല്ല" എന്നായിരുന്നു ലഭിച്ച ഉത്തരം എന്നിരുന്നാലും ദൈവം പൗലോസിന് ഒരു വലിയ വാഗ്ദത്തം നൽകി. ചുവടെ വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുക.

എന്റെ..........

.......... 2

**3** A. ദൈവത്തിന്റെ നാമത്തിൽ ചോദിക്കുക "എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം എന്താണെന്നാണ് നിങ്ങൾ കരുതുന്നത്?" *(യോഹന്നാൻ 14:13; 15:16; 16:23).*

..........

..........

B. *യാക്കോബ് 4:3* വായിച്ചശേഷം ഈ വ്യക്തികളുടെ പ്രാർത്ഥനകൾക്ക് അവർ പ്രതീക്ഷിച്ചതുപോലെയുള്ള ഉത്തരം ലഭിക്കാതെയിരുന്നത് എന്തുകൊണ്ടാണെന്നാണ് വിവരിക്കുക.

..........

.......... 4

**4** A. ദൈവത്തിന്റെ ഹിതം മനസ്സിലാക്കുവാൻ ക്രിസ്ത്യാനികളെ ദൈവവചനം എപ്രകാരം സഹായിക്കുന്നുവെന്നാണ് നിങ്ങൾ കരുതുന്നത്?

..........

..........

B. നമ്മുടെ പ്രാർത്ഥനാ ജീവിതത്തിൽ ബൈബിളിലെ ഉപദേശമാണ് നാം വഴികാട്ടിയായി സ്വീകരിച്ചിരിക്കുന്നത് എങ്കിൽ *1 യോഹന്നാൻ 5:14* പ്രകാരം നമുക്ക് ഉണ്ടായിരിക്കേണ്ട ഉറപ്പ് എന്താണ്?

..........

.......... 6

**5** ഒരു യുവക്രിസ്ത്യാനി എന്ന നിലയിൽ തന്റെ കുടുംബത്തിലോ, സ്കൂളിലോ, സഭയിലോ ഉള്ള മറ്റ് ക്രിസ്ത്യാനികളുമായി ഒരു വ്യക്തി ബന്ധം പുലർത്തുന്നതിൽ ബുദ്ധിമുട്ടനുഭവിച്ചാൽ നിങ്ങൾ ആ വ്യക്തിക്ക് ബൈബിളിൽ നിന്നും എന്ത് ഉപദേശമാണ് നൽകുക?

..........

.......... 3

**6** *A. ഫിലിപ്പ്യർ 2:4* വായിച്ചശേഷം അത് എന്താണ് അർത്ഥമാക്കുന്നത് എന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.

..........

..........

B. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണം കർത്താവായ യേശുക്രിസ്തുവാണ് മറ്റുള്ളവരോടുള്ള തന്റെ കരുതൽ തന്നെ എന്തു ചെയ്യാനാണ് നിർബ്ബന്ധിതനാക്കിയത്? (വാക്യം 5 – 8).

..........

.......... 4

25

ആകെ മാർക്ക്

## പഠനം 4. പിശാചിനെ അതിജീവിക്കുക

പേര്:

**വായിക്കുക: എഫെസ്യർ 6:10 – 20**

**താക്കോൽവാക്യം: 1 പത്രോസ് 5:8**

**"ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹംപോലെ ആരെ വിഴുങ്ങേണ്ടു എന്ന് തിരഞ്ഞു ചുറ്റിനടക്കുന്നു"**

ഈ പിശാച് ആരാണ്? അവൻ ഒരു യാഥാർത്ഥ്യമാണോ? അതോ സങ്കൽപ്പങ്ങളുടെ ഒരു പ്രതിഫലനമാണോ? ഇത് ഇന്ന് പ്രാധാന്യമർഹിക്കുന്ന വിഷയമാണോ? അതോ, ഇത് കഴിഞ്ഞ നൂറ്റാണ്ടുകളിൽ നിന്നും കടന്നുകൂടിയ ആശയമാണോ?

ബൈബിളിന്റെ ഉപദേശമനുസരിച്ച് പിശാച് അഥവാ സാത്താൻ ഒരു യാഥാർത്ഥ്യവും ആത്മാവായ വ്യക്തിത്വവുമാണ്. ദൈവത്തെപ്പോലെ അവൻ സർവ്വശക്തനല്ല എങ്കിലും അവന്റെ ശക്തി വളരെ വലുതായതുകൊണ്ട് ദൈവവചനം അവനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് *"ഈ ലോകത്തിന്റെ പ്രഭു" (യോഹ. 12:31; 2 കൊരിന്ത്യർ 4:4)* എന്നൊക്കെയാണ്.

പിശാച് ക്രിസ്ത്യാനികളുടെ ശത്രുക്കളിൽ ഏറ്റവും കൊള്ളരുതാത്തവനാണ്. നാം പ്രയോജനപ്രദമായ ക്രിസ്ത്യാനികളാകുന്നതിൽ നിന്നും തടുക്കുവാനും നമ്മെ പ്രശ്നങ്ങളാൽ വലയ്ക്കുവാനുമാണ് അവൻ തീരുമാനിച്ചുറച്ചിരിക്കുന്നത് (താക്കോൽവാക്യം കാണുക). അവൻ പൂർണ്ണമായും അനീതിയുള്ളവനും അവന്റെ ലക്ഷ്യം ദൈവപ്രവൃത്തികളേയും ദൈവമക്കളേയും തകർക്കുക എന്നുള്ളതുമാണ്. അവന്റെ ഈ ദുഷ്ട വിചാരങ്ങളിൽ അവന്റെ ശുശ്രൂഷക്കാരായി അനേക ഭൂതങ്ങൾ അഥവാ അശുദ്ധാത്മാക്കൾ അവനുണ്ട്.

ഈ കരുണയില്ലാത്ത ശത്രുവിനെ അതിജീവിക്കുവാൻ നാം ശ്രദ്ധിക്കേണ്ടുന്ന ചില കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

**ഈ ലോകത്തിലെ ഏറ്റവും ശക്തനായ വ്യക്തി പിശാചല്ല.**

ഏറ്റവും ശക്തൻ ദൈവമാണ്. പിശാചിന്റെ ശക്തിയിലും വളരെ വലുതാണ് ദൈവശക്തി. ദൈവം പിശാചിന് പ്രവർത്തിക്കുവാനായി ഒരു നിശ്ചിത തോത് മാത്രമേ അനുവദിക്കുകയുള്ളൂ. ഒരു ക്രിസ്ത്യാനി എന്ന നിലയിൽ, ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളിൽ വസിക്കുന്നതുകൊണ്ട് പിശാചിനെ ഭയപ്പെടേണ്ട കാര്യമില്ല. ***"നിങ്ങളിലുള്ളവൻ ലോകത്തിലുള്ളവനേക്കാളും ബലമേറിയവനാണ്" (1 യോഹ. 4:4).***

**പിശാച് ഒരു തോല്പിക്കപ്പെട്ട ശത്രുവാണ്.**

നാം പിശാചിന്റെ ശക്തിയിൽ നിന്നും അതിജീവിക്കുവാൻ പ്രയാസപ്പെടുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കേണ്ടത് വളരെ പ്രധാനപ്പെട്ടതാണ്. അതായത് ഇപ്പോൾ അവൻ ഒരു പരാജയപ്പെട്ട ശത്രുവാണ്. അവന്റെ പരാജയം സംഭവിച്ച കാരണം ***"പിശാചിന്റെ പ്രവൃത്തിയെ തകർക്കുവാനായി ദൈവപുത്രൻ പ്രത്യക്ഷനായി" (1 യോഹന്നാൻ 3:8).*** കർത്താവായ യേശുക്രിസ്തു തന്റെ ക്രൂശിലെ മരണത്തിലൂടെ പിശാചിന്റെ മേലുള്ള വിജയം നേടിയെടുക്കുകയും അവന്റെ ശക്തിയിൽ നിന്നുള്ള നമ്മുടെ വിടുതൽ ഉറപ്പിക്കുകയും ചെയ്തു ***(എബ്രായർ 2:14 – 15 കാണുക)***. യേശുകർത്താവ് മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്ന സത്യം അവനെ തോൽപ്പിച്ചു എന്നതിന്റെ തെളിവായി നിലനിൽക്കുന്നു.

**പിശാചിനെ ചെറുത്തു നിൽക്കുവാൻ കഴിയും.**

നിങ്ങൾ ക്രിസ്ത്യാനിയാകുമ്പോൾ ദൈവം നിങ്ങളെ തന്റെ പരിശുദ്ധാത്മാവിനാൽ മുദ്രയിടുകയും പിശാചിനെ ജയിക്കുവാൻ വേണ്ട ആത്മീയ ശക്തി നൽകുകയും ചെയ്യുന്നു. എന്നാൽ ഖേദകരമെന്നു പറയട്ടെ. പല വിശ്വാസികളും പാപം ചെയ്യുന്നത് പാപം നിർബന്ധത്താൽ ചെയ്യുന്നതല്ല മറിച്ച് അവരുടെ ഇഷ്ടപ്രകാരം ചെയ്യുന്നതാണ്. നാം അന്വേഷിക്കുന്നുവെങ്കിൽ അതിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗം ദൈവം തരും. ***"പിശാചിനോട് എതിർത്തു നിൽക്കുക, എങ്കിൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും" (യാക്കോബ് 4:7).***

**പിശാച് ആരുടേയും നന്മ ആഗ്രഹിക്കുന്നില്ല.**

ദൈവത്തിനുവേണ്ടിയുള്ള നിങ്ങളുടെ പുതിയ ജീവിതത്തെ തകർക്കുവാൻ അവൻ എപ്പോഴും ഉണ്ട്. അവൻ ചതിയന്മാരുടെ നേതാവാണ് എന്നുള്ളത് നാം ഓർക്കേണം *(2 കൊരിന്ത്യർ 11:14)* മാത്രമല്ല അവൻ ഭോഷ്കിന്റെ പിതാവുമാണ് ***(യോഹന്നാൻ 8:44).*** നാം അവന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ എപ്പോഴും സൂക്ഷിക്കേണ്ടതാണ്. അവൻ ഒരു നന്മയും നമുക്ക് നൽകുവാൻ ആഗ്രഹിക്കുന്നില്ല.

**പിശാച് ഒരു ആത്മീയ ശത്രുവാണ്.**

അവനെ ആത്മീയ ആയുധങ്ങൾ കൊണ്ടാണ് നേരിടേണ്ടത്. ദൈവത്തിലുള്ള വിശ്വാസം പ്രാർത്ഥന, ദൈവവചനം (പിശാചിനെതിരെയുള്ള വാളായി ഉപയോഗിക്കുന്നു) എന്നിവയാണ് ഈ ആയുധങ്ങൾ. മറ്റ് സർവ്വായുധങ്ങളെക്കുറിച്ച് ***എഫെസ്യർ 6:10 – 18*** ൽ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ സഹായമില്ലാതെ നമുക്ക് പിശാചിനെതിരെ യുദ്ധം ചെയ്യുവാൻ സാധിക്കുകയില്ല. എന്നാൽ നാം വിജയം കൈവരിക്കണം എന്നതാണ് ദൈവത്തിന്റെ ആഗ്രഹം. നാം അവനിൽ ആശ്രയിക്കുന്നുവെങ്കിൽ അവൻ നമ്മെ സഹായിക്കും.

പിശാചിന്റെ ശക്തി യാഥാർത്ഥ്യവും അതിനെതിരായി വെറുതെ നിസ്സാരമായി നിൽക്കുവാൻ പാടില്ല. ക്രിസ്ത്യാനികൾ ഒരിക്കലും 'ഓജാ ബോർഡ്, പരേതരുമായുള്ള സംഭാഷണ മാധ്യമം, ജന്മനക്ഷത്ര വിശകലനം, കൈനോട്ടം ഇങ്ങനെയുള്ള ഒരു കാര്യങ്ങളിലും ഇടപെടുവാൻ പാടുള്ളതല്ല. ഈ കാര്യങ്ങളിൽ നിന്നും നാം ഒഴിഞ്ഞുമാറി നിൽക്കേണ്ടത് ആവശ്യമാണ് കാരണം ഇങ്ങനെയുള്ള കാര്യങ്ങൾ അനേകരെ ചതിക്കുഴിയിലാക്കിയിട്ടുണ്ട്. ***"സകലവിധ ദോഷവും വിട്ടകലുവിൻ" (1 തെസ്സലോനിക്യർ 5:22).***

ദൈവജനത്തിന് പ്രധാനമായും മൂന്ന് ശത്രുക്കളാണുള്ളത്. ഇവ മൂന്നിനേയും നാം ശ്രദ്ധിക്കുകയുണ്ടായി- ലോകം, ജഡം, പിശാച്. ഒരിക്കലും നിരാശപ്പെട്ടു പോകരുത്. ദൈവം നിങ്ങളോടു കൂടെയുണ്ട്. അവൻ നിങ്ങളെ സഹായിക്കും.

## പാഠം 4. പിശാചിനെ അതിജീവിക്കുക

**1** **ചുവടെയുള്ള വാക്യങ്ങളിൽ പിശാചിനെക്കുറിച്ച് പറയുന്ന വാക്കുകൾ, വിശദീകരണങ്ങൾ ഏതെല്ലാം?**

a). **മത്തായി** 4:3.................................................... b). **മത്തായി** 4:10..................................................

c) **യോഹന്നാൻ** 8:44............................................. d) **വെളിപ്പാട്** 20:2 .................................................

2

**2** **ശരിയോ തെറ്റോ എന്നെഴുതുക**

a) ശക്തിയുടെ കാര്യത്തിൽ പിശാച് ദൈവത്തിന് തുല്യനാണ്. .............................

b) പിശാച് ഈ ലോകത്തിന്റെ അധിപതിയാണ് .............................

c) പിശാച് ഒരിക്കലും യേശുകർത്താവിനെ പരീക്ഷിച്ചിട്ടില്ല. .............................

d) യേശുകർത്താവ് ഒരിക്കലും പ്രലോഭനങ്ങൾക്ക് വഴങ്ങിയില്ല. .............................

5

**3** **എബ്രായർ 2:14–15 വായിക്കുക. യേശുകർത്താവ് തന്റെ മരണത്താൽ സാദ്ധ്യമാക്കിയ രണ്ട് കാര്യങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അവ ഏതെല്ലാം?**

.......................................................................................................................................................

.......................................................................................................................................................

2

**4** **യാക്കോബ് 4:7 വായിച്ചശേഷം ഉത്തരം എഴുതുക.**

a) "പിശാചിനെ എതിർത്തു നിൽക്കുവാൻ" സാധിക്കുന്ന ചില വഴികൾ നിർദ്ദേശിക്കുക.

.......................................................................................................................................................

.......................................................................................................................................................

b) നാം പിശാചിനെ എതിർത്തു നിന്നാൽ ദൈവം എന്താണ് വാഗ്ദത്തം ചെയ്യുന്നത്?

.......................................................................................................................................................

.......................................................................................................................................................

4

**5** **പാപത്തിനും പ്രലോഭനത്തിനും എതിരെയുള്ള യുദ്ധത്തിൽ ഒരു ക്രിസ്ത്യാനിക്ക് "ദൈവത്തിന്റെ സർവ്വായുധവർഗ്ഗം" ലഭ്യമാണ്. എഫെസ്യർ 6:10–17 വായിച്ചശേഷം ചുവടെ കൊടുത്തിരിക്കുന്നവയുടെ ആത്മീയ അർത്ഥം എഴുതുക.**

a)പരിച .........................................................................................................................................

b) വാൾ .........................................................................................................................................

2

**6** a) **യേശുകർത്താവ് പിശാചിനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ പിശാചിന്റെ ഓരോ നിർദ്ദേശങ്ങൾക്കും കർത്താവ് പഴയനിയമത്തിൽ നിന്നും ഉദ്ധരിച്ചുകൊണ്ടാണ് മറുപടി നൽകിയത്. മത്തായി 4:4–7&10 വായിച്ചശേഷം, യേശുകർത്താവ് തന്റെ എല്ലാ ഉത്തരത്തിലും ആവർത്തിച്ച് ഉപയോഗിച്ച മൂന്നു വാക്കുകൾ എഴുതുക.**

.......................................................................................................................................................

b) **പിശാചിനോടുള്ള നമ്മുടെ യുദ്ധത്തിൽ ബൈബിളിന് നമ്മെ എപ്രകാരമൊക്കെയാണ് സഹായിക്കാൻ സാധിക്കുന്നത്?**

.......................................................................................................................................................

.......................................................................................................................................................

5

**7** **പിശാചിന്റെ അവസാന അധഃപതനത്തെക്കുറിച്ച് വെളിപ്പാട് 20–ൽ രേഖപ്പെടുത്തിയിരിക്കുന്നു. 1–3 & 7–10 വാക്യങ്ങൾ വായിച്ചശേഷം ചുവടെയുള്ളവയ്ക്ക് ഉത്തരം എഴുതുക.**

1. പിശാച് എത്ര നാളത്തേക്കാണ് ബന്ധിക്കപ്പെടുന്നത്? ........................................
2. അവന്റെ ദണ്ഡനസ്ഥലത്തിന് നൽകിയിരിക്കുന്ന പേര്? ........................................
3. അവനെ അഴിച്ചു വിടുമ്പോൾ അവൻ എന്താണ് ചെയ്യാൻ പോകുന്നത്? ........................................
4. പിശാചിന്റെ യുദ്ധസേനയെ എപ്രകാരമാണ് തകർക്കുവാൻ പോകുന്നത്? ........................................
5. പിശാചിന് പിന്നീട് എന്താണ് സംഭവിക്കുന്നത്? ........................................

5

100

യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25

ആകെ മാർക്ക്

© Bible Educational Services, P.O Box - 9, MOOKANNUR P.O., 683577, Ernakulam, KERALA ,E-mail : besindia1@gmail.com, www.besweb.org